2026
NOVEMBER
10
TUESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



സോളാർ; 4 വർഷത്തിനുള്ളിൽ ഇന്ത്യ നേടുക 22.5 ലക്ഷം കോടി ലാഭം

ന്യൂദൽഹി: പുനരുപയോഗ ഊർജ മേഖലയിൽ കോടികൾ നിക്ഷേപിച്ച ഇന്ത്യയെകാത്ത് വൻ സാമ്പത്തിക നേട്ടം. നാലു വർഷത്തിനുള്ളിൽ കൽക്കരി, പ്രകൃതിവാതക ഇറക്കുമതിയിൽ ഇന്ത്യയ്ക്ക് 24,000 കോടി ഡോളർ (22.5 ലക്ഷം കോടി രൂപ) ലാഭിക്കാനാകുമെന്ന് രാജ്യാന്തര ഊർജ ഏജൻസി (ഐഇഎ). യുദ്ധം പോലുള്ള സാഹചര്യങ്ങളിൽ രാജ്യാന്തര വിപണിയെ ആശ്രയിക്കുന്നതു കുറയ്ക്കാനും ഇന്ത്യയ്ക്കാകും. ഇന്ത്യയുടെ മുന്നേറ്റം മറ്റ് വികസ്വര രാജ്യങ്ങൾക്ക് വലിയ മാതൃകയാണെന്ന് ഐഇഎ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാത്തിഹ് ബിറോൾ പറഞ്ഞു. കേന്ദ്ര പുനരുപയോഗ ഊർജ വകുപ്പ് മന്ത്രി പ്രൾഹാദ് ജോഷിയുടെ എക്സ് പോസ്റ്റിനു മറുപടിയായാണ് ഫാത്തിഹ് ഇക്കാര്യം വ്യക്തമാക്കിയത്. ഹരിത ഊർജ മേഖലയിലെ ഇന്ത്യയുടെ നയങ്ങളും കുറഞ്ഞ ഉൽപ്പാദന ചെലവും നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള കഴിവും മറ്റുരാജ്യങ്ങൾക്കു പാഠമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഐഇഎ പുറത്തിറക്കിയ 'ഇന്ത്യ റിന്യൂവബിൾ എനർജി മാർക്കറ്റ് റിപ്പോർട്ട് 2026' പ്രകാരമാണ് പുതിയ കണക്കുകൾ. ഇന്ധനവില നിലവിലെ ശരാശരിയിൽ തുടർന്നാൽ 2030ൽ മാത്രം ഫോസിൽ ഇന്ധനത്തിലെ വാർഷിക ഇറക്കുമതി ബില്ലിൽ 3500 കോടി ഡോളറിന്റെ (ഏകദേശം 3.2 ലക്ഷം കോടി രൂപ) കുറവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. വമ്പൻ സാമ്പത്തിക നേട്ടത്തിന് ഇന്ത്യയെ സഹായിക്കുന്നത് സോളർ പദ്ധതികളായിരിക്കും. മൊത്തം ലാഭത്തിന്റെ 60 ശതമാനവും സൗരോർജത്തിൽ നിന്നായിരിക്കുമെന്നാണ് റിപ്പോർട്ട്. 30 ശതമാനത്തോളം ലാഭം കാറ്റിൽ നിന്നുള്ള ഊർജ പദ്ധതികളിൽ നിന്നുമാകും.

നിലവിൽ ഇന്ത്യയുടെ പുനരുപയോഗ ഊർജ ഉൽപാദനം 300 ജിഗാവാട്ട് കടന്നിട്ടുണ്ട്. 2030ഓടെ ഇത് 530 ജിഗാവാട്ടിലെത്തുമെന്നാണ് ഐഇഎയുടെ പ്രവചനം. ഇതിൽ 350 ജിഗാവാട്ടും സൗരോർജത്തിൽ നിന്നായിരിക്കും.

എന്നാൽ ഉൽപാദനം കൂട്ടുന്നതിനൊപ്പം തന്നെ ഊർജ വിതരണ ശൃംഖലകളിലും, ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങളിലും വൻ നിക്ഷേപം തുടരേണ്ടതിന്റെ ആവശ്യകതയും ഏജൻസി ഓർമിപ്പിക്കുന്നു.

നിലവിൽ ഇന്ത്യ ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന രണ്ടാമത്തെ പുനരുപയോഗ ഊർജ വിപണിയാണ്.



1,000 പുതിയ ട്രെയിനുകളുമായി റെയിൽവേയുടെ വമ്പൻ നീക്കം

ന്യൂദൽഹി: ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ വെയിറ്റിങ് ലിസ്റ്റ് കണ്ട് നിരാശപ്പെടുന്ന യാത്രക്കാർക്ക് ആശ്വാസവാർത്ത. രാജ്യത്തെ ഏഴ് പ്രധാന റെയിൽവേ ഇടനാഴികൾ നാലുവരി പാതകളാക്കി വികസിപ്പിക്കാനൊരുങ്ങി ഇന്ത്യൻ റെയിൽവേ. പദ്ധതി പൂർത്തിയാകുന്നതോടെ 1,000ത്തിലധികം അധിക ട്രെയിനുകൾ സർവീസ് നടത്താനാകുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

ദൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളെ ബന്ധിപ്പിക്കുന്ന റൂട്ടുകളിലാണ് പ്രധാനമായും വികസനം നടപ്പാക്കുന്നത്. ഇതിന് പുറമെ ഡൽഹിചെന്നൈ, മുംബൈ കൊൽക്കത്ത, ഡൽഹിഗുവാഹത്തി എന്നീ മൂന്ന് പ്രധാന ഡയഗണൽ ഇടനാഴികളും പദ്ധതിയുടെ ഭാഗമാണ്. നിലവിലുള്ള റെയിൽവേ ശൃംഖലയിലെ തിരക്ക് കുറയ്ക്കുകയും യാത്രാ സൗകര്യം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യം.

ഏഴ് പ്രധാന ഇടനാഴികളിലും നാല് സമാന്തര ട്രാക്കുകൾ ഒരുക്കുന്നതോടെ യാത്രാചരക്ക് ട്രെയിനുകൾക്ക് കൂടുതൽ സൗകര്യത്തോടെ സർവീസ് നടത്താനാകും. നിലവിലെ ട്രാക്കുകളിലെ തിരക്കും ട്രെയിൻ വൈകലും കുറയ്ക്കുന്നതിനൊപ്പം കൂടുതൽ സ്ഥിരം ട്രെയിൻ സർവീസുകൾ ആരംഭിക്കാനും ഇതിലൂടെ സാധിക്കും.

പദ്ധതി പൂർത്തിയാകുന്നതോടെ 1,000ത്തിലധികം പുതിയ സ്ഥിരം ട്രെയിനുകൾ ഓടിക്കാനാകുമെന്നാണ് മന്ത്രിയുടെ പ്രഖ്യാപനം.

കൽക്കരി ഉൾപ്പെടെയുള്ള ചരക്കുനീക്കം വർധിച്ചതും യാത്രക്കാരുടെ തിരക്കും നിലവിലെ റെയിൽവേ ശൃംഖലയിൽ വലിയ സമ്മർദം സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യം പരിഹരിക്കാൻ പുതിയ പാതകൾ നിർമിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് മന്ത്രി വ്യക്തമാക്കി. കഴിഞ്ഞ പത്ത് വർഷത്തിനിടെ 36,000 കിലോമീറ്റർ അധിക റെയിൽവേ ട്രാക്കുകൾ നിർമിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

അതേസമയം, ഉത്സവകാല തിരക്ക് നിയന്ത്രിക്കുന്നതിനായി ഈ സീസണിൽ 18,000 പ്രത്യേക ട്രെയിനുകളും റെയിൽവേ സർവീസ് നടത്തുന്നുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 12,000 പ്രത്യേക ട്രെയിനുകളായിരുന്നു സർവീസ് നടത്തിയത്. യാത്രക്കാരുടെ തിരക്ക് നിയന്ത്രിക്കാൻ വിവിധ സ്റ്റേഷനുകളിലായി 700ഓളം അക കൃാമറകളും 20 സ്റ്റേഷനുകളിൽ പ്രത്യേക കാത്തിരിപ്പ് കേന്ദ്രങ്ങളും ഒരുക്കിയിട്ടുണ്ട്.

പുതിയ ട്രാക്ക് വികസന പദ്ധതികൾ യാഥാർഥ്യമാകുന്നതോടെ വെയിറ്റിങ് ലിസ്റ്റ് കുറയുന്നതിനും ട്രെയിൻ ലഭ്യത വർധിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമായ യാത്ര ഉറപ്പാക്കുന്നതിനും കഴിയുമെന്നാണ് റെയിൽവേയുടെ പ്രതീക്ഷ.



വൈദ്യുത വാഹന വിൽപ്പനയിൽ വൻ മുന്നേറ്റം; ഇലക്ട്രിക് ഇരുചക്ര വാഹന വിൽപ്പനയിൽ 48.49%

ന്യൂദൽഹി: രാജ്യത്ത് വൈദ്യുത വാഹനങ്ങളുടെ റീട്ടെയിൽ വിൽപ്പനയിൽ ഒക്ടോബറിൽ മികച്ച വളർച്ച. ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (ഫാഡ) പുറത്തുവിട്ട കണക്കുകൾ പ്രകാരം ഇലക്ട്രിക് ഇരുചക്ര വാഹന വിൽപ്പന കഴിഞ്ഞ വർഷം ഒക്ടോബറിനെ അപേക്ഷിച്ച് 48.49 ശതമാനം ഉയർന്ന് 2,24,064 യൂണിറ്റായി.

കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 1,50,890 യൂണിറ്റുകളായിരുന്നു വിൽപ്പന. ഇലക്ട്രിക് മുച്ചക്ര വാഹന വിൽപ്പന 24.76 ശതമാനം വർധിച്ച് 88,570 യൂണിറ്റിലെത്തി. ഇലക്ട്രിക് പാസഞ്ചർ വാഹനങ്ങളുടെ വിൽപ്പന 76.47 ശതമാനം വളർച്ചയോടെ 37,049 യൂണിറ്റായപ്പോൾ ഇലക്ട്രിക് വാണിജ്യ വാഹന വിൽപ്പന 162.3 ശതമാനം ഉയർന്ന് 4,942 യൂണിറ്റായി.



ഇരുചക്ര വാഹന വിഭാഗത്തിൽ 60,490 യൂണിറ്റുകളുമായി ടിവിഎസ് ഒന്നാമതെത്തി. ബജാജ് ഓട്ടോ (49,126), ഏഥർ എനർജി (31,833) എന്നിവയാണ് തൊട്ടുപിന്നിൽ.

മുച്ചക്ര വാഹന വിഭാഗത്തിൽ 15,726 യൂണിറ്റുകളുമായി ബജാജ് ഓട്ടോയും വാണിജ്യ വാഹന വിഭാഗത്തിൽ 1,740 യൂണിറ്റുകളുമായി ടാറ്റ മോട്ടോഴ്സും മുന്നിലെത്തി.

പാസഞ്ചർ വാഹന വിഭാഗത്തിൽ 14,669 യൂണിറ്റുകളുമായി ടാറ്റയാണ് ഒന്നാമത്. മൊത്തം വാഹന വിൽപ്പനയിലെ ഇലക്ട്രിക് വാഹനങ്ങളുടെ വിഹിതം ഇരുചക്ര വിഭാഗത്തിൽ 9.7 ശതമാനവും, മുച്ചക്ര വിഭാഗത്തിൽ 62.6 ശതമാനവും പാസഞ്ചർ വാഹന വിഭാഗത്തിൽ 7.3 ശതമാനവും വാണിജ്യ വാഹന വിഭാഗത്തിൽ 4.29 ശതമാനവുമാണ്.

1,469 ആർടിഒകളിൽ 1,468 എണ്ണത്തിൽനിന്നുള്ള കണക്കുകളാണ് ഫാഡ സമാഹരിച്ചത്.



അനീഷിന്റെ കൈകൾ സ്വീകരിച്ച ഗോകുലപ്രിയന്റെ കൈകളിൽ സ്നേഹത്തോടെ ചുംബിച്ച് അനീഷിന്റെ സഹോദരിമാർ. കൊച്ചിയിൽ നടന്ന ദാതാവ് സ്വീകർത്താവ് കുടുംബസംഗമത്തിലെ ഹൃദയസ്പർശിയായ നിമിഷം.

അനീഷിന്റെ കൈകളിൽ സമയം കാണിച്ച വാച്ച് ഇനി ഗോകുലപ്രിയന്റെ കൈകളിൽ; അമൃത ആശുപത്രിയിൽ കണ്ണീരും സ്നേഹവും നിറഞ്ഞ അപൂർവ സംഗമം

കൊച്ചി: അനീഷിന്റെ ഓർമകൾക്ക് ഗോകുലപ്രിയനിലൂടെ പുതിയൊരു ജീവിതം; രണ്ടു കുടുംബങ്ങൾ കണ്ടുമുട്ടിയപ്പോൾ പിറന്നത് ഹൃദയസ്പർശിയായ നിമിഷങ്ങൾ. കൈകൾ ദാനം ചെയ്ത് ഗോകുലപ്രിയന് പുതുജീവിതം നൽകിയ അനീഷിന്റെ ഓർമകൾ പങ്കുവെക്കാൻ കുടുംബാംഗങ്ങൾ ഒത്തുചേർന്നപ്പോൾ, അനീഷ് കൈകളിൽ അണിഞ്ഞിരുന്ന വാച്ച് സഹോദരിമാർ ഗോകുലപ്രിയന് സമ്മാനിച്ചു. ആ വാച്ച് സ്വന്തം കൈകളിൽ ഏറ്റുവാങ്ങിയ ഗോകുലപ്രിയന് മുന്നിൽ വികാരങ്ങൾ അടക്കാനായില്ല. ദാതാവിന്റെ ഓർമയും സ്നേഹവും പേറുന്ന ആ സമ്മാനം സംഗമത്തിലെ ഏറ്റവും ഹൃദയസ്പർശിയായ നിമിഷമായി.

സേലം സ്വദേശിയായ ഗോകുലപ്രിയന് 2018 ൽ ഉണ്ടായ വൈദ്യുതാഘാതത്തിൽ രണ്ടു കൈകളും നഷ്ടപ്പെട്ടിരുന്നു. 2025 ഒക്ടോബർ 22 ന് അമൃത ആശുപത്രിയിൽ ഡോ. സുബ്രഹ്മണ്യ അയ്യരുടെ നേതൃത്വത്തിലുള്ള സംഘം തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിലെ ഉദ്യോഗസ്ഥനായിരുന്ന അനീഷിന്റെ ദാനം ചെയ്ത കൈകൾ ഗോകുലപ്രിയന് വിജയകരമായി മാറ്റിവെച്ചു. ശബരിമല യാത്രക്കിടെ അപസ്മാരത്തെ തുടർന്ന് മസ്തിഷ്കമരണം സംഭവിച്ച അനീഷിന്റെ സഹോദരിമാരായ ലക്ഷ്മിയും അഞ്ജുവും അവരുടെ കുടുംബാംഗങ്ങളും ഗോകുലപ്രിയന്റെ അമ്മയും സംഗമത്തിൽ പങ്കെടുത്തു. സഹോദരൻ മരിച്ചിട്ട് നവംബർ എട്ടിന് ഒരു വർഷം തികയുകയാണെന്നും, ഏഴുപേരിലൂടെ അദ്ദേഹം ഇപ്പോഴും ജീവിക്കുന്നുണ്ടെന്നുമുള്ള സഹോദരിയുടെ വാക്കുകൾ സദസ്സിനെ വികാരാധീനമാക്കി.

രാജ്യസഭാംഗം സി. സദാനന്ദൻ മാസ്റ്റർ സംഗമത്തിൽ മുഖ്യാതിഥിയായി. മരണാനന്തര അവയവദാനം വാക്കുകൾക്കതീതമായ കാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമാണെന്ന് അദ്ദേഹം പറഞ്ഞു. സഹജീവികളോടുള്ള കരുണയുടെ മഹത്തായ മാതൃകയായ അവയവദാനത്തിന്റെ സന്ദേശം നൂറായിരം ആളുകളിലേക്ക് എത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, കെസോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ്, കൊച്ചി അമൃത ആശുപത്രിയിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിലെ ഡോക്ടർമാരായ ഡോ. സുബ്രഹ്മണ്യ അയ്യർ, ഡോ. കിഷോർ പുരുഷോത്തമൻ, ഡോ. സാം തോമസ്, ഡോ. ജനാർദ്ദനൻ. ആർ., നെഫ്രോളജി വിഭാഗം ഡോ. ജോർജ് കുര്യൻ, ഓർത്തോപീഡിക്സ് വിഭാഗം ഡോ. ബാലു. സി.ബാബു, അനസ്തേഷ്യ വിഭാഗം ഡോ. ജെറി പോൾ, ഡോ. സുനിൽ രാജൻ, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗം ഡോ. രവി ശങ്കരൻ, മറ്റു ജീവനക്കാർ, കോട്ടയം മെഡിക്കൽ കോളേജിലെ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ നീതു പി. തോമസ് തുടങ്ങിയവരും പങ്കെടുത്തു.

കഴിഞ്ഞ 11 വർഷത്തിനിടെ 23 രോഗികളിലായി 41 കൈ മാറ്റിവെക്കൽ ശസ്ത്രക്രിയകൾ അമൃത ആശുപത്രിയിൽ വിജയകരമായി പൂർത്തിയാക്കിയെന്നും ലോകത്തിലെ ഏറ്റവും വലിയ കൈ മാറ്റിവെക്കൽ ശസ്ത്രക്രിയാ കേന്ദ്രമാണ് അമൃതയെന്നും ഡോ. സുബ്രഹ്മണ്യ അയ്യർ പറഞ്ഞു.

വയനാടൻ മലനിരകളിൽ പുതിയ സസ്യത്തെ കണ്ടെത്തി



ആലപ്പുഴ: പശ്ചിമഘട്ടത്തിലെ വയനാടൻ മലനിരകളിൽ പുതിയ സസ്യത്തെ കണ്ടെത്തി. എസ്.ഡി കോളജ് അധ്യാപകനായ ഡോ. ജോസ് മാത്യു ഉൾപ്പെടുന്ന മൂന്നംഗ സംഘമാണ് തൊള്ളായിരംകണ്ടിയിലെ നിബിഡ വനമേഖലയിൽ നിന്ന് ലാജനാന്ദ്ര അയനെ എന്ന പുതിയ സസ്യത്തെ കണ്ടെത്തിയത്. കിണർവാഴ, നീർച്ചെങ്ങഴി, കരിമ്പോള എന്നിങ്ങനെയൊക്കെ അറിയപ്പെടുന്ന ലാജനാന്ദ്ര സസ്യങ്ങൾ ചേമ്പും ചേനയും ഉൾപ്പെടുന്ന അരെസി വിഭാഗത്തിൽപെട്ടവയാണ്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മാത്രമാണ് ലാജനാന്ദ്ര സസ്യങ്ങൾ സ്വാഭാവികമായി വളരുന്നത്. ഔഷധഗുണങ്ങൾക്കു പുറമെ വെള്ളത്തിലെ മാലിന്യം ശുദ്ധീകരിക്കാൻ അക്കോറിയത്തിലടക്കം ഉപയോഗിക്കാമെന്ന ഹോർട്ടികൾചർ സാധ്യതകളും ലാജനാന്ദ്ര സസ്യങ്ങൾക്കുണ്ട്.

ഗവേഷകയായ ജെ.ശരണ്യ, കൽപറ്റ എംഎസ് സ്വാമിനാഥൻ റിസർച് ഫൗണ്ടേഷനിലെ സലീം പിച്ചൻ എന്നിവരാണ് ഗവേഷണ സംഘത്തിലെ മറ്റ് അംഗങ്ങൾ. ഇതേസംഘം ലജനാന്ദ്ര വിഭാഗത്തിൽപെട്ട മറ്റു രണ്ട് സസ്യങ്ങളെ കഴിഞ്ഞ വർഷങ്ങളിൽ പശ്ചിമഘട്ടത്തിൽനിന്നു കണ്ടെത്തിയിരുന്നു. ഫൈറ്റോടാക്സ എന്ന രാജ്യാന്തര ശാസ്ത്ര മാസികയിൽ പുതിയ സസ്യത്തിന്റെ കണ്ടെത്തൽ സംബന്ധിച്ച പ്രബന്ധം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിവരാവകാശ നിയമം സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി: മന്ത്രി

പാലക്കാട്: വിവരാവകാശ നിയമം ഭരണസംവിധാനത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തിയതായി മന്ത്രി കെ.എ. തുളസി പറഞ്ഞു. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്കായി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന വിവരങ്ങൾ ഒഴികെ മറ്റെന്തും പത്ത് രൂപ നൽകി കൃത്യമായ സമയപരിധിക്കുള്ളിൽ ലഭ്യമാക്കാനുള്ള അവകാശമാണ് വിവരാവകാശ നിയമത്തിലൂടെ കൈവന്നത്.

സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളും വിവരങ്ങളും സാധാരണക്കാരിലേക്ക് എത്തണമെന്നാണ് സർക്കാരിന്റെ നയം. വിവരാവകാശ നിയമം അതിനൊരു ഉപാധിയാണ്. വിവരാവകാശം ദുരുപയോഗം ചെയ്യുന്ന സാഹചര്യങ്ങൾ കഴിവതും ഒഴിവാക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഗവ. വിക്ടോറിയ കോളജിൽ നടന്ന സെമിനാറിൽ സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ വി. ഹരിനായർ അധ്യക്ഷത വഹിച്ചു. സംസ്ഥാന വിവരാവകാശ കമ്മീഷൻ റിസോഴ്സ് പേഴ്സൺ കെ. പ്രസാദ് ജീവനക്കാരുമായി ആശയവിനിമയം നടത്തുകയും സംശയനിവാരണം നടത്തുകയും ചെയ്തു.

സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗങ്ങളായ ഡോ. സോണിച്ചൻ പി. ജോസഫ്, എം. ശ്രീകുമാർ, ടി.കെ. രാമകൃഷ്ണൻ, ജി.എൻ. ഗിരീഷ് കുമാർ, ഗവ. വിക്ടോറിയ കോളജ് പ്രിൻസിപ്പൽ മായ സി. നായർ തുടങ്ങിയവർ പങ്കെടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY



ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾക്ക് അവസരവും അന്തസോടെയുള്ള ജീവിതവും സർക്കാർ ഉറപ്പാക്കും: മന്ത്രി ബിന്ദു കൃഷ്ണ

കൊല്ലം: ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾക്ക് തുല്യ അവസരവും അന്തസോടെയുള്ള ജീവിതവും ഉറപ്പാക്കാൻ സർക്കാർ ഒപ്പമുണ്ടെന്ന് മന്ത്രി ബിന്ദു കൃഷ്ണ . കുടുംബശ്രീ ജില്ലാ മിഷൻറെ ആഭിമുഖ്യത്തിൽ ജില്ലയിലെ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കായി സംഘടിപ്പിച്ച കായിക മേള, 'ബഡ്സ് ഒളിമ്പിയ 3.0' തേവള്ളി സർക്കാർ മോഡൽ എച്ച്എസ്എസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾക്ക് സഹതാപമല്ല, അവരുടെ ആത്മവിശ്വാസവും സാമൂഹിക പങ്കാളിത്തവും ഉറപ്പാക്കാനുള്ള ശ്രമങ്ങളാണ് വേണ്ടതെന്നും അക്കാര്യത്തിൽ സർക്കാർ സജീവ ശ്രദ്ധ പുലർത്തുമെന്നും മന്ത്രി പറഞ്ഞു. തെറാപ്പി ആവശ്യമായ എല്ലാവർക്കും അത് ലഭ്യമാക്കാൻ പ്രതിജ്ഞാബദ്ധമാണ്. കുഞ്ഞുങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, പോഷകാഹാരം, സുരക്ഷ, വ്യക്തിത്വ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകിയാണ് മുന്നോട്ട് പോകുന്നത്.

കുട്ടിക്കുറ്റവാളികൾ വർധിച്ചുവരുന്ന കാലഘട്ടത്തിൽ കുഞ്ഞുങ്ങളുടെ ശാരീരികാരോഗ്യത്തിനൊപ്പം മാനസികാരോഗ്യത്തിനും രക്ഷിതാക്കളും അധ്യാപകരും പ്രാധാന്യം നൽകണമെന്നും മന്ത്രി പറഞ്ഞു. ഉദ്ഘാടന ചടങ്ങിന് മുന്നോടിയായി ജില്ലയിലെ 39 ബഡ്സ് സ്ഥാപനങ്ങളിൽനിന്നായി എത്തിയ കുട്ടികളുടെ മാർച്ച് പാസ്റ്റ് മന്ത്രി ഫ്ളാഗ് ഓഫ് ചെയ്ത് സല്യൂട്ട് സ്വീകരിച്ചു.

ബഡ്സ്, ബിആർസി ജില്ലാ കായികമേളയിൽ വ്യക്തിഗത, ഗ്രൂപ്പ് ഇനങ്ങളിലായി നടന്ന 31 മത്സരങ്ങളിൽ 36 സ്ഥാപനങ്ങളിൽ നിന്നായി ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന 335 കുട്ടികളാണ് മാറ്റുരച്ചത്. ജില്ലയിലെ ബഡ്സ് സ്കൂളുകളിലെ വിദ്യാർഥികളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ പരിശീലനാർഥികളുമാണ് മത്സരങ്ങളിൽ പങ്കെടുത്തത്.

സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം മത്സരങ്ങൾ നടന്നു. 50 മീറ്റർ, 100 മീറ്റർ ഓട്ടമത്സരങ്ങൾ, സ്റ്റാൻഡിംഗ് ബ്രോഡ് ജമ്പ്, ലോംഗ് ജമ്പ്, സോഫ്റ്റ് ബോൾ ത്രോ, ഷോട്ട്പുട്ട്, റിലേ മത്സരങ്ങൾ എന്നിവയ്ക്ക് പുറമെ സീനിയർ വിഭാഗത്തിൽ വീൽ ചെയർ റേസ്, ബാസ്കറ്റ് ബോൾ ത്രോ (വീൽചെയർ) എന്നീ ഇനങ്ങളിലും വാശിയേറിയ മത്സരങ്ങളാണ് നടന്നത്.

ശബരിമല തീർഥാടനം: കൊച്ചി വിമാനത്താവളത്തിൽ സൗകര്യമൊരുക്കുമെന്ന് മന്ത്രി രമേശ് ചെന്നിത്തല

പമ്പ: ശബരിമല ദർശനത്തിനെത്തുന്ന ഭക്തരെ സ്വീകരിക്കാൻ കൊച്ചി വിമാനത്താവളത്തിൽ സൗകര്യം സജ്ജമാക്കുമെന്നു മന്ത്രി രമേശ് ചെന്നിത്തല. തീർഥാടകരെ സ്വീകരിക്കാൻ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിലും പ്രത്യേക ക്രമീകരണം നടത്തും. മണ്ഡല- മകരവിളക്കു തീർഥാടനവുമായി ബന്ധപ്പെട്ടുള്ള അവലോകനയോഗത്തിനു ശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം. തീർഥാടകരുടെ സുരക്ഷയ്ക്കും പൊലീസുകാരുടെ ക്ഷേമത്തിനുമായി വിപുലമായ സജ്ജീകരണങ്ങൾ പൂർത്തിയാക്കി.

പൊലീസുകാരുടെ ലഗേജ് അലവൻസ് 300 രൂപയിൽ നിന്ന് 600 രൂപയായി ഉയർത്തി. മെസ് ഗ്രാന്റ് ദിവസം 90 രൂപയായി കൂട്ടി. ഇതിനായി സംസ്ഥാന സർക്കാർ 3.60 കോടി രൂപ അനുവദിച്ചു. സന്നിധാനത്തു പുതിയ മെസ് ആരംഭിക്കാനുള്ള പണം അനുവദിച്ചിട്ടുണ്ട്. കുട്ടികൾ തിരക്കിൽ കൂട്ടംതെറ്റുന്നതു തടയാനും അവരെ എളുപ്പത്തിൽ കണ്ടെത്താനുമായി കൈകളിൽ റിസ്റ്റ് ടാഗ് ഘടിപ്പിക്കുന്ന പദ്ധതിക്കായി 13 ലക്ഷം രൂപ വകയിരുത്തി. കുറ്റവാളികൾ കടന്നുകൂടാൻ സാധ്യതയുള്ളതിനാൽ പ്രത്യേക നിരീക്ഷണ സംവിധാനമൊരുക്കും.



തിരുവിതാംകൂർ ദേവസ്വം ബോർഡ് ദ്രുതഗതിയിൽ പ്രവർത്തനങ്ങൾ നടത്തുകയാണ്. പ്രവർത്തനങ്ങളിൽ സംതൃപ്തനാണെന്നും ഒരാഴ്ചയ്ക്കുള്ളിൽ എല്ലാം പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു.

നിലയ്ക്കലിലെ റോഡ്, പാർക്കിങ് ഗ്രൗണ്ട് എന്നിവയുടെ അറ്റകുറ്റപ്പണി ദേവസ്വം ബോർഡ് അടിയന്തരമായി പൂർത്തിയാക്കണമെന്നു നിർദേശിക്കുകയും ചെയ്തു.

ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നിലയ്ക്കലിൽ 700 പൊലീസുകാർക്കു താമസിക്കാൻ കഴിയുന്ന പുതിയ ബാരക്കും മന്ത്രി ഉദ്ഘാടനം ചെയ്തു.

ഭോപ്പാൽ അഗ്നിമിത്ര ഭാഷാപുരസ്കാരം എം.കെ.ഹരികുമാറിന്



ഭോപ്പാൽ: മദ്ധ്യഭാരതത്തിലെ മികച്ച സാംസ്കാരിക സംഘടനയായ ഭോപ്പാൽ യുണൈറ്റഡ് മലയാളി അസോസിയേഷൻ (ഉമ)ഏർപ്പെടുത്തിയ പ്രഥമ അഗ്നിമിത്ര ഭാഷാപുരസ്കാരത്തിനു പ്രശസ്ത വിമർശകനും കോളമിസ്റ്റുമായ എം.കെ. ഹരികുമാർ അർഹനായി. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ്.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും സംരക്ഷണത്തിനും പ്രചാരണത്തിനുമായി കഴിഞ്ഞ അമ്പത് വർഷത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം നൽകുന്നതെന്ന് സംഘാടകർ അറിയിച്ചു.

ഉമ പ്രസിഡന്റ് ഒ.ഡി.ജോസഫ്, ഉമ സെക്രട്ടറി കെ.പി. ദാസ്, ലയം ചീഫ് എഡിറ്റർ ജി. തുളസീധരൻ, സുരേന്ദ്രബാബു (മുംബൈ ജാലകം), ദീപിക മുൻ ദൽഹി ബ്യൂറോ ചീഫ് ജോർജ് കള്ളിവയലിൽ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്. നവംബർ മാസത്തിൽ ഭോപ്പാലിൽ കേരളോത്സവത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ പുരസ്കാരം സമ്മാനിക്കും.



ഫ്യൂച്ചർ കൊച്ചി കോൺക്ലേവ് സമാപിച്ചു

കൊച്ചി: സുന്ദരവും വിശാലവുമായ പുതിയ കൊച്ചിയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നതെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. നഗരത്തെ മികച്ച ലിവിങ് സിറ്റിയാക്കി മാറ്റുന്നതിന്റെ ഭാഗമായി, രൂക്ഷമാകുന്ന വായു മലിനീകരണത്തെക്കുറിച്ച് പഠിക്കാനും അടിയന്തര നടപടികൾ സ്വീകരിക്കാനുമായി ഈ മാസം തന്നെ വിദഗ്ധ സമിതി രൂപീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കൊച്ചി നഗരസഭയും ജെയിൻ യൂണിവേഴ്സിറ്റിയും കാർഡിഫ് യൂണിവേഴ്സിറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഫ്യൂച്ചർ കൊച്ചി കോൺക്ലേവിന്റെ സമാപന ദിനത്തിൽ സംസാരിക്കുകയായിരുന്നു സതീശൻ.

നഗരത്തിലെ വായുനിലവാര സൂചിക 188 കടന്നത് അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഡൽഹിക്ക് സമാനമായ സാഹചര്യത്തിലേക്ക് കൊച്ചിയെ വിട്ടുകൊടുക്കാൻ കഴിയില്ല. മലിനീകരണം ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി നഗരത്തിലേക്ക് എത്തുന്ന സ്വകാര്യ വാഹനങ്ങളുടെ എണ്ണം കുറയ്ക്കേണ്ടതുണ്ട്. ഇതിനായി ബസ്, മെട്രോ, ജലഗതാഗത സംവിധാനങ്ങളെ കോർത്തിണക്കിക്കൊണ്ട് മികച്ചതും വിശ്വസനീയവുമായ പബ്ലിക് ട്രാൻസ്പോർട്ട് നെറ്റ്വർക്ക് കൊച്ചിയിൽ യാഥാർത്ഥ്യമാക്കണം. മാലിന്യ സംസ്കരണത്തിലും കർശനവും ശാസ്ത്രീയവുമായ നടപടികൾ സർക്കാർ ഉറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ജെയിൻ യൂണിവേഴ്സിറ്റിയുടെ സമ്മിറ്റ് ഓഫ് ഫ്യൂച്ചർ മൂന്നാം പതിപ്പിന്റെ തീയതിയും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. അടുത്ത വർഷം ഏപ്രിൽ 21-24 വരെയാണ് സമ്മിറ്റ് നടക്കുക. ഹൈബി ഈഡൻ എംപി അധ്യക്ഷത വഹിച്ച യോഗത്തിൽ മുഹമ്മദ് ഷിയാസ് എംഎൽഎ, ദീപക് ജോയ് എംഎൽഎ, കൊച്ചി മേയർ അഡ്വ. വി.കെ. മിനിമോൾ, തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ റാഷിദ് ഉള്ളംപിള്ളി, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷന്മാർ, ഡപ്യൂട്ടി മേയർ വി.ആർ. സുധീർ, കോർപ്പറേഷൻ സെക്രട്ടറി പി.എസ്. ഷിബു, ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ്, ഫ്യൂച്ചർ കേരള മിഷൻ ചെയർമാൻ വേണുരാജാമണി എന്നിവർ പങ്കെടുത്തു.

അതുല്യ പ്രതിഭകളായ നെടുമുടി വേണുവും, പി.ബാലചന്ദ്രനും അവസാനമായി ഒരുമിച്ച സിനിമ

ഡോ.ബിജു സംവിധാനം ചെയ്ത ഓറഞ്ച് മരങ്ങളുടെ വീട് 20 ന് തിയേറ്ററിലെത്തും

ദേശീയ പുരസ്കാര ജേതാവും , രാജ്യത്തെ പ്രമുഖ ചലച്ചിത്രകാരനുമായ ഡോ.ബിജു സംവിധാനം ചെയ്ത 'ഓറഞ്ച്മരങ്ങളുടെ വീട്' ഈ മാസം 20 ന് തിയേറ്ററിലെത്തും. അന്തർദേശീയ ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിക്കുകയും ഒട്ടേറെ അംഗീകാരങ്ങളും ലഭിച്ച ചിത്രമാണ് 'ഓറഞ്ച് മരങ്ങളുടെ വീട്.' മലയാളത്തിന്റെ അനശ്വര അഭിനയ പ്രതിഭകളായ നെടുമുടി വേണുവും, പി.ബാലചന്ദ്രനും ഒരുമിച്ച് വെള്ളിത്തി രയിലെത്തിയ

അവസാന ചിത്രവുമാണിത്. മലയാള സിനിമയെ ലോക സിനിമയുടെ നെറുകയിൽ എത്തിച്ച വിഖ്യാതനായ ചലച്ചിത്രകാരനായ ഡോ ബിജുവിന്റെ ഏറെ പുതുമയുള്ള ചിത്രമാണ് ഓറഞ്ച് മരങ്ങളുടെ വീട്.

ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയ സാമുവൽ (നെടുമുടി വേണു), തനിക്ക് എവിടെയോ നഷ്ടപ്പെട്ടുപോയ സ്വന്തം ആത്മാവിന്റെ ഒരു ഭാഗം തേടുകയാണ്, ചിത്രത്തിന്റെ ഇതിവൃത്തം ഇങ്ങനെ തുടങ്ങുന്നു. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ മകൻ ഡേവിസിന്റെ (പ്രകാശ് ബാരെ) നിർബന്ധത്തിനു വഴങ്ങി നഗരത്തിലെ ഒരു ഫ്ളാറ്റിൽ കഴിയേണ്ടിവരുന്ന അയാൾക്ക് ജീവിതം വീർപ്പുമുട്ടലാകുന്നു.

ഒരു അപകടത്തെത്തുടർന്ന് സാമുവൽ ആശുപത്രിയിലാകുന്നതോടെ ഡേവിസും മകൻ സ്റ്റീവും (ഗോവർദ്ധനൻ) നാട്ടിലെത്തുന്നു. എന്നാൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ആശുപത്രി കിടക്കയിൽ നിന്ന് സാമുവൽ അപ്രത്യക്ഷനാകുന്നു കൂട്ടിന് കൊച്ചുമകൻ സ്റ്റീവും അവിടെനിന്ന് ഉദ്വേഗജനകമായ ഒരു യാത്രയാണ് ചിത്രം പറയുന്നത്. ഒരു വശത്ത്, തന്റെ പഴയ ചങ്ങാതിമാരെയും (പി. ബാലചന്ദ്രൻ, ജയപ്രകാശ് കുളൂർ) ഓറഞ്ച് തോട്ടങ്ങളുടെ മാന്ത്രികതയെയും തേടി മുത്തശ്ശനും കൊച്ചുമകനും നടത്തുന്ന യാത്ര. മറുവശത്ത്, കാണാതായ അച്ഛനെയും മകനെയും തിരഞ്ഞ് പരക്കം പായുന്ന ഡേവിസും സുഹൃത്ത് മാത്യൂസും (ദീപൻ ശിവരാമൻ). നഷ്ടപ്പെടുന്ന വേരുകളും, തലമുറകൾ തമ്മിലുള്ള സംഘർഷവും, പ്രകൃതിയുമായുള്ള ആത്മബന്ധവും ഹൃദയസ്പർശിയായി ആവിഷ്കരിക്കുന്ന റോഡ് മൂവിയാണ് ചിത്രമെന്ന് സംവിധായകൻ ഡോ. ബിജു വ്യക്തമാക്കി. പ്രായമാകുന്ന മനുഷ്യരോട് നമ്മൾ എങ്ങനെ പെരുമാറുന്നു, അവരുടെ ഓർമ്മകളെയും, ആഗ്രഹങ്ങളെയും, സ്വാതന്ത്ര്യത്തെയും എത്രമാത്രം മാനിക്കുന്നു എന്ന ചോദ്യമാണ് സിനിമ ഉയർത്തുന്നത്, അദ്ദേഹം പറയുന്നു.

മലയാള നാടകവേദിയിലെ ഒട്ടനവധി പ്രതിഭകളുടെ അപൂർവ്വ സംഗമ വേദിയായിരുന്നു സിനിമയുടെ ലൊക്കേഷൻ. നമ്മെ വിട്ടുപിരിഞ്ഞ പ്രിയപ്പെട്ട വേണുച്ചേട്ടന്റെയും ബാലേട്ടന്റെയും അവിസ്മരണീയ പ്രകടനം ബിഗ് സ്ക്രീനിൽ ഒരുവട്ടം കൂടി കാണാനുള്ള അസുലഭാവസരം കൂടിയാണീ ഓറഞ്ച് മരങ്ങുടെ വീട്. മൂവി നൊമാഡ്സ് - സിലിക്കൺ മീഡിയ എന്നിവയുടെ ബാനറിൽ, ഇൻവിസ് മൾട്ടിമീഡിയയുടേയും വിസ്റ്റ വിഎഫ്എക്സിന്റെയും സിംഗപ്പൂർ കൈരളി ഫിലിം ഫോറത്തിന്റെ യും സഹകരണത്തോടെ സിറാജ് ഷാ, വിജയശ്രീ ബിജുകുമാർ, ഉഷാദേവി എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ. സഹ നിർമ്മാതാവ് എം ജി രാധാകൃഷ്ണൻ ഉണ്ണിത്താൻ. ഛായാഗ്രഹണം യദു രാധാകൃഷ്ണൻ, എഡിറ്റിംഗ് ഡേവിസ് മാനുവൽ, കലാസംവിധാനം അജയൻ വി കാട്ടുങ്കൽ, സംഗീതം സന്തോഷ് ചന്ദ്രൻ. പി.ആർ.ഒ പി.ആർ. സുമേരൻ തുടങ്ങിയവരാണ് ചിത്രത്തിന്റെ അണിയറയിലുള്ളത്.



പുലരി ടി വി അന്താരാഷ്ട്ര പുരസ്കാരം; മികച്ച പി.ആർ.ഒ. അവാർഡ് സ്വന്തമാക്കി പി.ആർ. സുമേരൻ



കൊച്ചി:നാലാമത് ഇന്റർനാഷണൽ പുലരി ടി.വി അവാർഡ് 2026ൽ മികച്ച പി.ആർ.ഒ പുരസ്കാരം സ്വന്തമാക്കി മാധ്യമ പ്രവർത്തകൻ പി.ആർ. സുമേരൻ. രാജേഷ് അമനകര സംവിധാനം ചെയ്ത 'കല്യാണമരം'എന്ന ചിത്രത്തിലെ പി.ആർ.ഒ. പ്രവർത്തന മികവിനും, മലയാള സിനിമാ രംഗത്തെ വിവിധ വിഷയങ്ങളിലെ എഴുത്തിനെയും പരിഗണിച്ചാണ്. പി.ആർ. സുമേരനെ മികച്ച ചലച്ചിത്ര പത്ര പ്രവർത്തകനായി തിരഞ്ഞെടുത്തത്.

പി.ആർ. സുമേരൻ രചന നിർവ്വഹിച്ച ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൻറെ ആചാര അനുഷ്ഠാനങ്ങളുടെയും ഉത്സവങ്ങളുടെയും ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന 'കൊടുങ്ങല്ലൂർ ഭരണി കാഴ്ച' എന്ന ഡോക്യുമെൻററിയാണ് പുലരി ടി വിയുടെ മികച്ചഡോക്യുമെന്ററി പുരസ്കാരം നേടിയത്. മികച്ച ഡോക്യുമെന്ററി സംവിധായകനുള്ള പുരസ്കാരം പ്രമുഖ പ്രൊഡക്ഷൻ കൺട്രോളറും എഴുത്തുകാരനുമായ ഷാജി പട്ടിക്കരക്ക് ലഭിച്ചു. പ്രശസ്ത നടൻ ഇന്ദ്രൻസാണ് ഡോക്യുമെന്ററിയുടെ അവതരണം നടത്തിയിരിക്കുന്നത്.

കൊടുങ്ങല്ലൂർ ഭരണി കാഴ്ച' ഫ്രെയിം ടു ഫ്രെയിം ഫിലിമിൻറെ ബാനറിൽ മധുസൂദനൻ മാവേലിക്കരയും, ഫുൾ മാർക്ക് സിനിമയുടെ ബാനറിൽ ജെഷീദ ഷാജിയും സംയുക്തമായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. മലയാള സിനിമയിലെ മുതിർന്ന നടിമല്ലിക സുകുമാരന് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ലഭിച്ചു.

സിനിമ, ടെലിവിഷൻ, ഹ്രസ്വചിത്രം, ഡോക്യുമെന്ററി, വീഡിയോ ആൽബം തുടങ്ങി വിവിധ വിഭാഗങ്ങളിലെ മികവിനാണ് പുലരി ടി.വി പുരസ്കാരങ്ങൾ നൽകുന്നത്

ഡിസംബറിൽ തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.പ്രശസ്ത ചലച്ചിത്ര സംവിധായകൻ റ്റി.എസ്. സുരേഷ് ബാബു ജൂറി ചെയർമാനായും, ജൂറി മെമ്പർമാരായി ചലച്ചിത്ര ടെലിവിഷൻ നാടക നടൻ വഞ്ചിയൂർ പ്രവീൺ കുമാറും, ചലച്ചിത്ര, ടെലിവിഷൻ നാടക സംവിധായകൻ സി.വി. പ്രേകുമാറും, നർത്തകിയും ടെലിവിഷൻ നാടക നടിയുമായ സിതാര ബാലകൃഷ്ണനും, സിനിമ പി.ആർ.ഒ., സിനിമാ പത്രപ്രവർത്തകനുമായ അജയ് തുണ്ടത്തിലും അടങ്ങിയ പാനലാണ് അവാർഡ് ജേതാക്കളെ കണ്ടെത്തിയത്.

പരിപാടി ക്യാരക്ടർ പോസ്റ്റർ പുറത്ത്

ജോജു ജോർജ് രചനയും സംവിധാനവും നിർവ്വഹിച്ച് കാവ്യ ഫിലിം കമ്പനിയുടെ ബാനറിൽ വേണു കുന്നപ്പിള്ളി നിർമ്മിക്കുന്ന ബിഗ് ബജറ്റ് ചിത്രം 'പരിപാടി'യിലെ നൂറോളം കഥാപാത്രങ്ങളെയും ഓരോന്നായി പ്രേക്ഷകർക്ക് പരിചയപ്പെടുത്താനൊരുങ്ങി അണിയറപ്രവർത്തകർ. ഇതിന്റെ ഭാഗമായി ചിത്രത്തിലെ ആദ്യ ക്യാരക്ടർ പോസ്റ്റർ പുറത്ത്. അജയൻ അടാട്ട് അവതരിപ്പിക്കുന്ന സുകു എന്ന കഥാപാത്രത്തെയാണ് ആദ്യമായി പരിചയപ്പെടുത്തിയിരിക്കുന്നത്. ജോജു ജോർജ് പ്രധാന വേഷത്തിലെത്തുന്ന ചിത്രത്തിൽ നൂറോളം പുതുമുഖങ്ങൾ ക്യാരക്ടർ റോളുകളിൽ അഭിനയിക്കുന്നു എന്നത് വലിയ പ്രത്യേകതയാണ്. ഡിസംബറിൽ ചിത്രം ആഗോള റിലീസായി തിയേറ്ററുകളിലെത്തും.

തൃശ്ശൂരിന്റെ പശ്ചാത്തലത്തിൽ കഥ പറയുന്ന സിനിമയിലെ നൂറോളം പുതുമുഖങ്ങളും നാല് മാസത്തോളം നീണ്ട പ്രത്യേക പരിശീലന പരിപാടിക്ക് ശേഷമാണ് ക്യാമറയ്ക്ക് മുന്നിലെത്തുന്നത്. സംഭാഷണങ്ങളുള്ള കഥാപാത്രങ്ങളായാണ് ഓരോരുത്തരും ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഇത്രയും വലിയൊരു പുതുമുഖ നിരയെ അണിനിരത്തി ഒരുങ്ങുന്ന സിനിമയിൽ ഓരോ കഥാപാത്രത്തിനും വ്യക്തമായ ഇടമുണ്ടെന്ന സൂചനയാണ് ക്യാരക്ടർ പോസ്റ്ററുകളിലൂടെ അണിയറപ്രവർത്തകർ നൽകുന്നത്. ചിത്രത്തിന്റെ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുകയാണ്.

ജോജു ജോർജിന്റെ സംവിധാന അരങ്ങേറ്റമായ 'പണി'ക്ക് ശേഷം എത്തുന്ന രണ്ടാമത്തെ സംവിധാന സംരംഭമാണ് 'പരിപാടി'. 'പണി'യുടെ അതേ സ്വഭാവത്തിലുള്ള സിനിമയാണെങ്കിലും കൂടുതൽ വിപുലമായ കാൻവാസിലും വലിയ താരനിരയിലുമാണ് ചിത്രം ഒരുക്കുന്നത്. ഇന്ത്യൻ സിനിമയിലെ ശ്രദ്ധേയരായ സാങ്കേതിക പ്രവർത്തകരും ഈ പ്രോജക്ടിന്റെ ഭാഗമാണ്. പ്രശസ്ത ഛായാഗ്രാഹകൻ രാജീവ് രവിയാണ് ക്യാമറ കൈകാര്യം ചെയ്യുന്നത്. തമിഴിലെ സൂപ്പർ ഹിറ്റ് സംഗീത സംവിധായകൻ യുവാൻ ശങ്കർ രാജ മലയാളത്തിൽ ആദ്യമായി സംഗീതം ഒരുക്കുന്ന ചിത്രം കൂടിയാണിത്. തെന്നിന്ത്യയിലെ പ്രമുഖ സംഘട്ടന സംവിധായകരായ അൻപറിവ് മാസ്റ്റേഴ്സാണ് ആക്ഷൻ രംഗങ്ങൾ ഒരുക്കുന്നത്. മനു ആന്റണി ചിത്രസംയോജനവും അജയൻ അടാട്ട് സൗണ്ട് ഡിസൈനും നിർവഹിക്കുന്നു.

2024ൽ പുറത്തിറങ്ങിയ 'പണി' തിയേറ്ററുകളിൽ മികച്ച പ്രതികരണവും



ബോക്സ് ഓഫീസ് വിജയവും നേടിയിരുന്നു. അതിന് പിന്നാലെ ജോജു ജോർജ് ഒരുക്കുന്ന ചിത്രമെന്ന നിലയിൽ പരിപാടി വലിയ പ്രതീക്ഷയോടെയാണ് പ്രേക്ഷകർ കാത്തിരിക്കുന്നത്. മാളികപ്പുറം, 2018, രേഖാചിത്രം', ആട് 3 തുടങ്ങിയ ചിത്രങ്ങളിലൂടെ ശ്രദ്ധേയമായ വിജയങ്ങൾ സ്വന്തമാക്കിയ കാവ്യ ഫിലിം കമ്പനിയാണ് ചിത്രം നിർമ്മിക്കുന്നത്. മലയാളം, തമിഴ്, തെലുങ്ക്, ഹിന്ദി, കന്നഡ എന്നീ അഞ്ച് ഭാഷകളിലായാണ് ചിത്രം ആഗോള റിലീസിനെത്തുന്നത്. നൂറോളം കഥാപാത്രങ്ങളെ ഒന്നൊന്നായി പരിചയപ്പെടുത്തുന്ന ക്യാരക്ടർ പോസ്റ്ററുകൾ വരും ദിവസങ്ങളിൽ സിനിമയെക്കുറിച്ചുള്ള ആകാംക്ഷ കൂടുതൽ വർധിപ്പിക്കുമെന്നാണ് പ്രതീക്ഷ.

ഛായാഗ്രഹണം : രാജീവ് രവി, സംഗീതം : യുവൻ ശങ്കർ രാജ, ചിത്രസംയോജനം : മനു ആന്റണി, സൗണ്ട് ഡിസൈൻ : അജയൻ അടാട്ട്, പ്രൊഡക്ഷൻ ഡിസൈൻ : സാബു മോഹൻ, സംഘട്ടനം : അൻപറിവ് , ക്രീയേറ്റീവ് പ്രൊഡ്യൂസർ ജയൻ നമ്പ്യാർ, നിർമ്മാണ ഏകോപനം : ഗോപകുമാർ ജികെ, നിർമ്മാണ നിർവ്വഹണം : വർക്കി ജോർജ്, നിർമാണ നിയന്ത്രണം : ദീപക് പരമേശ്വരൻ, വസ്ത്രാലങ്കാരം : സമീറ സനീഷ്, മേക്കപ്പ് : ഷമീർ ശാം, രൂപപരിവർത്തന ചമയം : എൻ ജി റോഷൻ, വിഎഫ്എക്സ് : ലിറ്റിൽ ഹിപ്പോ, മുഖ്യ സഹസംവിധായകർ: രനിത്ത് രവീന്ദ്രൻ, മൻസൂർ റഷീദ്, സഹസംവിധായകൻ: രമേശ് ഗിരിജ, സംവിധാന സഹായികൾ : ആദർശ് ബി നായർ, എം.എസ് ജയ്, യദുകൃഷ്ണ ഷാലി, മനു ദിനേശ്, പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർവൈസർ: ഷിനു പോൾ, പരസ്യകല : സർക്കാസനം, പിആർഒ & മാർക്കറ്റിങ് വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.



പ്രോ എഫ്എക്സിന്റെ ഫ്ളാഗ്ഷിപ്പ് എക്സ്പീരിയ ഷോറൂം ഭീമ ജ്വല്ലേഴ്സ് ചെയർമാൻ ബി ബിന്ദുമാധവ് നിർവഹിക്കുന്നു. ഭീമ ജ്വല്ലേഴ്സ് കോഴിക്കോട് മാനേജിംഗ് ഡയറക്ടർ ബാലചന്ദ്രൻ കിരൺ, പ്രോ എഫ്എക്സ് ടെക് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മൻമോഹൻ ഗണേഷ്, അനുപമ ബി, കെ ഇ എഫ് കൺട്രി ഹെഡ് രാജീവ് എബ്രഹാം, പ്രോ എഫ്എക്സ് ടെക് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോ കുമാർ, പ്രോ എഫ്എക്സ് ടെക് ലിമിറ്റഡ് കൺട്രി ഹെഡ് റീട്ടയിൽ സജിത നായർ എന്നിവർ സമീപം

പ്രോ എഫ്എക്സിന്റെ ഫ്ളാഗ്ഷിപ്പ് എക്സ്പീരിയ ഷോറൂം കൊച്ചിയിൽ തുടങ്ങി

കൊച്ചി: ഇന്ത്യയിലെ പ്രമുഖ ഓഡിയോ വിഷ്വൽ സാങ്കേതികവിദ്യാ സ്ഥാപനങ്ങളിലൊന്നായ പ്രോ എഫ്എക്സ് ടെക് ലിമിറ്റഡിന്റെ കേരളത്തിലെ പുതിയ ഫ്ളാഗ്ഷിപ്പ് ഷോറൂമായ 'പ്രോ എഫ്എക്സ് എക്സ്പീരിയ കൊച്ചി' പ്രവർത്തനം ആരംഭിച്ചു. പ്രീമിയം ശബ്ദസംവിധാനങ്ങൾ, ദൃശ്യവിനോദ സാങ്കേതികവിദ്യകൾ, ഹോം ഓട്ടോമേഷൻ സംവിധാനങ്ങൾ എന്നിവ ഒരേ കുടക്കീഴിൽ പരിചയപ്പെടുത്തുന്ന ഈ അനുഭവ കേന്ദ്രം ഉപഭോക്താക്കൾക്ക് നൂതന സാങ്കേതികവിദ്യകൾ നേരിട്ട് കണ്ടറിയാനും അനുഭവിക്കാനും അവസരമൊരുക്കും.

ഷേണായീസിന് സമീപം ചിറ്റൂർ റോഡിൽ പേൾ പാലസ് ഹോട്ടലിന് എതിർവശം കോറൽ പ്ലാസയിലെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന എക്സ്പീരിയ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഭീമ ജ്വല്ലേഴ്സ് ചെയർമാൻ ബി ബിന്ദുമാധവ് നിർവഹിച്ചു. പ്രോ എഫ്എക്സ് ടെക് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മൻമോഹൻ ഗണേഷ്, ഭീമ ജ്വല്ലേഴ്സ് കോഴിക്കോട് മാനേജിംഗ് ഡയറക്ടർ ബാലചന്ദ്രൻ കിരൺ, അനുപമ ബി, കെ ഇ എഫ് കൺട്രി ഹെഡ് രാജീവ് എബ്രഹാം, പ്രോ എഫ്എക്സ് ടെക് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോ കുമാർ, പ്രോ എഫ്എക്സ് ടെക് ലിമിറ്റഡ് കൺട്രി ഹെഡ് റീട്ടയിൽ സജിത നായർ എന്നിവർ പങ്കെടുത്തു.

ബെംഗളൂരു ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച പ്രോ എഫ്എക്സ് രണ്ട് പതിറ്റാണ്ടിലേറെയായി ഇന്ത്യയിലുടനീളം സാന്നിധ്യമുറപ്പിച്ച സ്ഥാപനമാണ്. അംഗീകൃത പങ്കാളികളും സ്വന്തം ഫ്ളാഗ്ഷിപ്പ് എക്സ്പീരിയ ഷോറൂമുകളും വഴിയാണ് കമ്പനി ഉപഭോക്താക്കൾക്ക് സേവനം നൽകുന്നത്.

കമ്പനിയുടെ മൂന്നാമത്തെ എക്സ്പീരിയ കേന്ദ്രമാണ് കൊച്ചിയിൽ ആരംഭിച്ചത്. വരും മാസങ്ങളിൽ ചെന്നൈയിലും മുംബൈയിലും പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാനും പദ്ധതിയുണ്ട്. 3,500 ചതുരശ്ര അടി വിസ്തൃതിയിൽ ഒരുക്കിയിരിക്കുന്ന കൊച്ചി എക്സ്പീരിയയിൽ മൂന്ന് പ്രത്യേക ഹോം തിയേറ്റർ ഡെമോൺസ്ട്രേഷൻ മുറികൾ, സ്റ്റീരിയോ ലിസണിങ് ഏരിയ, ഹോം ഓട്ടോമേഷൻ സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള ലോഞ്ച് എന്നിവയുണ്ട്. പേഴ്സണൽ ഓഡിയോ ഉപകരണങ്ങൾ, ഹൈഫൈ മ്യൂസിക് സിസ്റ്റങ്ങൾ, വിവിധ മുറികളിലും ഇടങ്ങളിലുമായി ഉപയോഗിക്കാവുന്ന മൾട്ടിറൂം ഓഡിയോ സംവിധാനങ്ങൾ, ഹോം സിനിമാ സൊല്യൂഷനുകൾ എന്നിവ ഇവിടെ പരിചയപ്പെടാം. പ്രൊജക്ഷൻ, എൽഇഡി ഡിസ്പ്ലേ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള നൂതന ദൃശ്യ സാങ്കേതികവിദ്യകളും വിനോദ സംവിധാനങ്ങൾക്കൊപ്പം വീടിന്റെ വിവിധ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനാവുന്ന സ്മാർട്ട് കൺട്രോൾ സംവിധാനങ്ങളും ഉപഭോക്താക്കൾക്ക് നേരിട്ട് അനുഭവിച്ചറിയാം.

ഡെനോൺ, കെഇഎഫ്, പോൾക് ഓഡിയോ, ജെബിഎൽ, എസിഎസ്, റെവൽ, ഡെഫിനിറ്റീവ് ടെക് നോളജി, ഫോസി, പീവി, ക്രെസ്റ്റ് ഓഡിയോ, സോണോഡൈൻ തുടങ്ങി 17ഓളം അന്താരാഷ്ട്ര, ഇന്ത്യൻ ബ്രാൻഡുകളെയാണ് പ്രോ എഫ്എക്സ് പ്രതിനിധീകരിക്കുന്നത്. ആയിരത്തിലധികം ഉത്പന്നങ്ങൾ ഉൾക്കൊള്ളുന്നതാണ് കമ്പനിയുടെ വിപുലമായ ഉത്പന്നശേഖരം. ഏകദേശം 20,000 രൂപ മുതൽ ഒരു കോടി രൂപയിലധികം വിലവരുന്ന ഹൈഎൻഡ് ഉത്പന്നങ്ങളും സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഉപഭോക്താക്കളുടെ വീടിന്റെ വിസ്തൃതി, വ്യക്തിഗത അഭിരുചി, ആവശ്യകത, ബജറ്റ് എന്നിവയ്ക്കനുസരിച്ച് അനുയോജ്യമായ സംവിധാനങ്ങൾ തെരഞ്ഞെടുക്കാൻ സഹായിക്കുന്ന തരത്തിലാണ് കൊച്ചി എക്സ്പീരിയയിൽ ഉത്പന്നങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.



ന്യൂദൽഹിയിൽ നടന്ന ഭാരത് റിന്യൂവബിൾ എനർജി സമ്മിറ്റ് & എക്സ്പോ 2026 വേദിയിൽ വെച്ച് കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയ സെക്രട്ടറി സന്തോഷ് കുമാർ സാരംഗിയിൽ നിന്ന് മൂപ്പൻസ് സോളാർ സി.ഇ.ഒ & ഡയറക്ടർ മുഹമ്മദ് ഫയാസ് സലാം ദേശീയ പുരസ്കാരം ഏറ്റുവാങ്ങുന്നു.



പുതിയ ഡിസൈനിൽ ഫോക്സ്വാഗൺ വെർട്ടസ്

കൊച്ചി: പ്രീമിയം സെഡാൻ മോഡലായ വെർട്ടസിന്റെ പുതുക്കിയ പതിപ്പ് അവതരിപ്പിക്കാനൊരുങ്ങി ഫോക്സ്വാഗൺ. പുതിയ ഡിസൈൻ ശൈലിയും ആധുനിക രൂപഭംഗിയുമായാണ് ന്യൂ വെർട്ടസ് എത്തുന്നത്. 2022 ജൂണിൽ പുറത്തിറങ്ങിയ വെർട്ടസ്, ജർമൻ എൻജിനീയറിങ് മികവ്, മികച്ച ഡ്രൈവിങ് അനുഭവം, സുരക്ഷ, പ്രീമിയം ഫീച്ചറുകൾ എന്നിവയിലൂടെ ശ്രദ്ധ നേടിയിരുന്നു. ത്രികോണ ജ്യാമിതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ ഡിസൈൻ ഒരുക്കിയിരിക്കുന്നത്. കൃത്യതയും ആകർഷകമായ രൂപഭംഗിയും സമന്വയിപ്പിക്കുന്ന പുതിയ പതിപ്പിലും ഡ്രൈവിങ് ആസ്വാദനത്തിന് പ്രാധാന്യം നൽകുമെന്ന് ഫോക്സ്വാഗൺ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ നിതിൻ കോഹ്ലി പറഞ്ഞു.

പുതിയ എഐ ലാപ്ടോപ്പുകളുമായി എച്ച്.പി.

കൊച്ചി: വിദ്യാർഥികളുടെ പഠനത്തിനും ബിസിനസുകളുടെ പ്രവർത്തനക്ഷമതയ്ക്കുമായി പുതിയ എഐ അധിഷ്ഠിത ലാപ്ടോപ്പുകൾ അവതരിപ്പിച്ച് എച്ച്.പി. 'ഒമ്നിബുക്ക് 5, പ്രോബുക്ക് 4 G2i-S' എന്നീ ലാപ്ടോപ്പുകളാണ് പുറത്തിറക്കിയത്.

ഇന്റൽ കോർ 7 പ്രോസസറും 16 TOPS വരെ എൻപിയു ശേഷിയുമുള്ള ഒമ്നിബുക്ക് 5ൽ ഒ എൽഇ ഡി ഡിസ്പ്ലേ, 42 മണിക്കൂർ വരെ വീഡിയോ പ്ലേബാക്ക് ബാറ്ററി ലൈഫ്, 1.16 കിലോഗ്രാം ഭാരം എന്നിവയുണ്ട്. നാല് നിറങ്ങളിൽ ലഭ്യമാകുന്ന ലാപ്ടോപ്പിൽ സ്മോക്ക് സിൽവർ, സ്റ്റാർലിറ്റ് ബ്ലൂ, പിയോണി പിങ്ക്, സോഫ്റ്റ് ഹണിഡ്യൂ എന്നീ നിറങ്ങളാണുള്ളത്.

എച്ച്.പിയുടെ ഏറ്റവും കനം കുറഞ്ഞ ബിസിനസ് നോട്ട്ബുക്കായ പ്രോബുക്ക് 4 G2iSന് 12 മില്ലിമീറ്റർ കനവും 1.18 കിലോഗ്രാം മുതൽ ആരംഭിക്കുന്ന ഭാരവുമുണ്ട്. 14 ഇഞ്ച് 2.8കെ ഒ എൽഇ ഡി ഡിസ്പ്ലേ, 17 TOPS വരെ എൻപിയു ശേഷി, 32 ജിബി വരെ മെമ്മറി, 1 ടിബി സ്റ്റോറേജ്, എഐ അധിഷ്ഠിത ശബ്ദ നിയന്ത്രണം, സുരക്ഷാ സംവിധാനങ്ങൾ എന്നിവയാണ് പ്രധാന സവിശേഷതകൾ.

ഒമ്നിബുക്ക് 5ന് 1,09,999 രൂപ മുതലാണ് വില. ഓഫറുകളിലൂടെ 79,999 രൂപയ്ക്ക് വാങ്ങാം. പ്രോബുക്ക് 4 G2iSന് 86,000 രൂപയും നികുതിയുമാണ് പ്രാരംഭ വില. നവംബർ 10 വരെ എച്ച്.പി. ഓൺലൈൻ സ്റ്റോർ, എച്ച്.പി. വേൾഡ് സ്റ്റോർ എന്നിവ വഴി മുൻകൂട്ടി ബുക്ക് ചെയ്യാം.

ഇന്ത്യയിൽ 15 കോടി ഉപയോക്താക്കളുമായി ഐടെൽ

കൊച്ചി: ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ച് 10 വർഷത്തിനിടെ 15 കോടി ഉപയോക്താക്കളെന്ന നേട്ടം സ്വന്തമാക്കി ഐടെൽ. 2016ൽ വിപണിയിലെത്തിയ ബ്രാൻഡിനു കൗണ്ടർ പോയിന്റ് റിസർച്ചിന്റെ കണക്കുകൾ പ്രകാരം 2026ൽ ഫീച്ചർ ഫോൺ വിഭാഗത്തിൽ 34 ശതമാനം വിപണിവിഹിതമുണ്ട്.

10,000 രൂപയിൽ താഴെയുള്ള ഫോണുകളുടെ വിഭാഗത്തിൽ 36 ശതമാനമാണ് വിഹിതം. 1,000ത്തിലധികം സേവന കേന്ദ്രങ്ങളുള്ള ഐടെൽ, സ്മാർട്ട്ഫോണുകൾക്ക് പുറമേ ഗൃഹോപകരണങ്ങൾ, ഓഡിയോ ഉത്പന്നങ്ങൾ എന്നിവയിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

സ്വാഭാവിക റബ്ബർ വില കിലോയ്ക്ക് 300 രൂപ; തീരുവ ഇളവോടെയുള്ള ഇറക്കുമതി വേണമെന്ന് ആത്മ



കൊച്ചി: ഉൽപ്പാദന സീസണിലും ആഭ്യന്തര വിപണിയിൽ ക്ഷാമം രൂക്ഷമാവുകയും സ്വാഭാവിക റബ്ബർ വില കിലോയ്ക്ക് 300 രൂപയായി ഉയരുകയും ചെയ്ത സാഹചര്യത്തിൽ, താൽക്കാലികമായി തീരുവയില്ലാതെ റബ്ബർ ഇറക്കുമതി ചെയ്യാൻ അനുവദിക്കണമെന്ന് ടയർ നിർമാതാക്കളുടെ സംഘടനയായ 'ആത്മ' (ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. കഴിഞ്ഞ വർഷം നവംബറിലെ ശരാശരി വിലയായ 186 രൂപയിൽ നിന്ന് 62 ശതമാനത്തോളമാണ് നിലവിലെ വിലവർധനവ്. വിപണിയിൽ റബ്ബർ ലഭ്യത കുറഞ്ഞതും സംഭരണച്ചെലവ് ക്രമാതീതമായി ഉയർന്നതും ടയർ നിർമാണത്തെ പ്രതികൂലമായി ബാധിക്കുന്ന പശ്ചാത്തലത്തിലാണ് സംഘടന കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലിന് കത്തെഴുതിയത്.

ആഭ്യന്തര ഉൽപ്പാദനവും ആവശ്യകതയും തമ്മിലുള്ള വിടവ് നികത്താൻ താരിഫ് റേറ്റ് കോട്ട (ടിആർക്യു) വ്യവസ്ഥയിൽ ആവശ്യമായ അളവിൽ മാത്രം താൽക്കാലികമായി തീരുവയില്ലാത്ത ഇറക്കുമതിക്ക് അനുമതി നൽകണമെന്നാണ് ആത്മയുടെ ആവശ്യം. വിപണിയിലെ റബ്ബർ ലഭ്യതയും വില നിലവാരവും സാധാരണ നിലയിലാകുന്നതുവരെ ഈ ഇളവ് തുടരണമെന്ന് സംഘടന വ്യക്തമാക്കുന്നു. നിലവിൽ രാജ്യത്തെ റബ്ബർ ഉൽപ്പാദനം ആവശ്യകതയേക്കാൾ ഏറെ താഴെയാണ്. 2025-26 സാമ്പത്തിക വർഷത്തിൽ 14.27 ലക്ഷം ടൺ റബ്ബർ ആവശ്യമായിരുന്ന സ്ഥാനത്ത് 9.05 ലക്ഷം ടൺ മാത്രമായിരുന്നു രാജ്യത്തെ ഉൽപ്പാദനം. അതായത് ആവശ്യകതയിൽ 37 ശതമാനത്തോളം കുറവാണ് രേഖപ്പെടുത്തിയത്.

റബ്ബർ ടാപ്പിങ്ങിന്റെ പ്രധാന സീസണിൽ പോലും ടയർ വ്യവസായത്തിന് ആവശ്യമായത്ര റബ്ബർ വിപണിയിൽ എത്തുന്നില്ലെന്ന് ആത്മ ചെയർമാൻ അരുൺ മാമ്മൻ പറഞ്ഞു. ഉൽപ്പാദനക്ഷമാം പരിഹരിക്കുന്നതിനായി താൽക്കാലികമായി പ്രഖ്യാപിക്കുന്ന നികുതിരഹിത ഇറക്കുമതി വ്യവസ്ഥ പ്രാദേശിക റബ്ബർ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് തന്നെ ടയർ നിർമാണം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സിന്തറ്റിക് റബ്ബർ, കാർബൺ ബ്ലാക്ക് തുടങ്ങിയ പെട്രോളിയം അധിഷ്ഠിത ചേരുവകളുടെ വിലവർധനവ് മൂലം ടയർ നിർമാണ മേഖല ഇതിനകം തന്നെ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഇതിനു പുറമേ പശ്ചിമേഷ്യൻ സംഘർഷങ്ങളെ തുടർന്ന് അസംസ്കൃത എണ്ണവില ഉയരുകയും ചരക്കുകൂലി വർധിക്കുകയും ചെയ്തത് വ്യവസായത്തിന് അധിക ഭാരമായി.

നിലവിൽ പ്രതിവർഷം ഒരു ലക്ഷം കോടി രൂപ വിറ്റുവരവുള്ള ഇന്ത്യൻ ടയർ വ്യവസായ രംഗം 27,000 കോടിയിലധികം രൂപയുടെ കയറ്റുമതി നടത്തുന്നുണ്ട്. 2026-27 സാമ്പത്തിക വർഷത്തിൻറെ ആദ്യ പാദത്തിൽ മാത്രം കയറ്റുമതിയിൽ 16 ശതമാനം വളർച്ച രേഖപ്പെടുത്തി. അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ കയറ്റുമതി മത്സരക്ഷമത നിലനിർത്താനും ഉൽപ്പാദനം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാനും റബ്ബർ ലഭ്യമാക്കൽ അത്യന്താപേക്ഷിതമാണെന്ന് ആത്മ വ്യക്തമാക്കി.



അമേരിക്കയിലെ ടെക്സാസിലെ നോർത്ത് ഡാളസിൽ പുതിയ ശാഖയ്ക്ക് തുടക്കം

കൊച്ചി: രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ടെക്സാസിലെ നോർത്ത് ഡാളസിലുള്ള ഫ്രിസ്കോയിൽ എസ്ബിഐസി ബാങ്കിന്റെ പുതിയ ശാഖ ആരംഭിച്ച് അന്താരാഷ്ട്ര വിപുലീകരണത്തിൽ സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. എസ്ബിഐ ചെയർമാൻ ചല്ല ശ്രീനിവാസുലു സെട്ടിയാണ് പുതിയ ശാഖയുടെ ഉദ്ഘാടനം നിർവഹിച്ചു.

എസ്ബിഐയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള യുഎസ് ഉപസ്ഥാപനമായ എസ്ബിഐസി ബാങ്കിന്റെ കാലിഫോർണിയക്ക് പുറത്തുള്ള ആദ്യത്തെ ശാഖയാണിത്. ഇതോടെ അമേരിക്കയിലെ എസ്ബിഐസി ബാങ്കിന്റെ ശാഖകളുടെ എണ്ണം ഏഴിൽ നിന്ന് എട്ടായി ഉയർന്നു.

റീട്ടെയിൽ നിക്ഷേപങ്ങൾ, വാണിജ്യ വായ്പകൾ, ഇന്ത്യയിലേക്കും ലോകമെമ്പാടുമുള്ള റെമിറ്റൻസുകൾ, പ്രത്യേക നോൺറെസിഡന്റ് ഇന്ത്യൻ സേവനങ്ങൾ എന്നിവയുൾപ്പെടെ വ്യക്തികൾക്കും ബിസിനസ്സുകൾക്കുമുള്ള വിപുലമായ ബാങ്കിംഗ് സേവനങ്ങൾ ഡാളസ് ശാഖയിലൂടെ ലഭ്യമാകും.

ഈ പുതിയ വിപുലീകരണത്തോടെ 29 രാജ്യങ്ങളിലായി 245 ഓവർസീസ് പോയിന്റുകളുള്ള എസ്ബിഐയുടെ ആഗോള സാന്നിധ്യം കൂടുതൽ ശക്തമായി.



ഡിഎക്സ്ഒമാർക്ക് റാങ്കിങ്ങിൽ ലോകത്തെ മികച്ച സ്മാർട്ട്ഫോൺ ക്യാമറയായി മോട്ടോറോള സിഗ്നേച്ചർ 27

ന്യൂഡൽഹി: 2026ൽ പുറത്തിറങ്ങിയ സ്മാർട്ട്ഫോണുകളിൽ മികച്ച ക്യാമറ സംവിധാനത്തിനുള്ള ഡിഎക്സ്ഒമാർക്ക് അംഗീകാരം മോട്ടോറോള സിഗ്നേച്ചർ 27ന്.

173 പോയിന്റ് നേടിയ ഫോൺ ഡിഎക്സ്ഒമാർക്കിന്റെ ഗോൾഡ് ലേബൽ ക്യാമറ അംഗീകാരവും സ്വന്തമാക്കി. ഫോട്ടോഗ്രഫി, വീഡിയോഗ്രഫി മേഖലകളിലെ മികവാണ് നേട്ടത്തിന് അർഹമാക്കിയത്. 50 മെഗാപിക്സൽ സോണി ലിറ്റിയ എൽ910 പ്രധാന ക്യാമറ, 200 മെഗാപിക്സൽ പെരിസ്കോപ്പ് ടെലിഫോട്ടോ ലെൻസ്, 50 മെഗാപിക്സൽ അൾട്രാ വൈഡ് ക്യാമറ, 50 മെഗാപിക്സൽ ഓട്ടോഫോക്കസ് ഫ്രണ്ട് ക്യാമറ എന്നിവയാണ് ഫോണിന്റെ പ്രധാന സവിശേഷതകൾ.

100x സൂപ്പർ സൂം, ഡോൾബി വിഷൻ വീഡിയോ റെക്കോർഡിംഗ്, കുറഞ്ഞ വെളിച്ചത്തിലും മികച്ച ചിത്രങ്ങൾ പകർത്താനുള്ള സാങ്കേതികവിദ്യ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ഫോൺ ഉടൻ അവതരിപ്പിക്കുമെന്ന് കമ്പനി അറിയിച്ചു.



പുതിയ വിഭവങ്ങളുമായി കെഎഫ്സി

കൊച്ചി: കൊറിയൻ രുചിക്കൂട്ടുകളുമായി പുതിയ ഡങ്ക്ഡ് ശ്രേണി അവതരിപ്പിച്ച് കെഎഫ്സി ഇന്ത്യ. ഗോചുജാങ് മുളകിന്റെ എരിവും വറുത്ത എള്ളിന്റെ രുചിയും ഉമാമി സ്വാദും ചേർന്ന പ്രത്യേക സോസിലാണ് പുതിയ വിഭവങ്ങൾ തയ്യാറാക്കുന്നത്. സിഗ്നേച്ചർ സിംഗർ ബർഗർ, ബോൺലെസ് ചിക്കൻ സ്ട്രിപ്സ്, വിങ്സ്, ചിക്കൻ ലെഗ് പീസസ് തുടങ്ങിയവയുടെ കൊറിയൻ രുചിയിലുള്ള പതിപ്പുകളാണ് ശ്രേണിയിലുള്ളത്. 89 രൂപ മുതലാണ് വില.

നവംബർ 10 മുതൽ രാജ്യത്തെ 1,400ലധികം കെഎഫ്സി ഔട്ട്ലെറ്റുകളിൽ പുതിയ വിഭവങ്ങൾ ലഭ്യമാകും. ഡൈൻ ഇൻ, ടേക്ക് എവേ എന്നിവയ്ക്ക് പുറമെ കെഎഫ്സി ആപ്പ്, വെബ്സൈറ്റ്, പ്രമുഖ ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകൾ എന്നിവ വഴിയും ഓർഡർ ചെയ്യാം.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com